ലഭിക്കേണ്ട അവസാന തീയ്തി 20-11-2014 ആയി ക്ഷണിച്ചുവെങ്കിലും അംഗീകൃത ബിഡുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. നിലവിലുള്ള ആവശ്യത്തിനനുസൃതമായി പലതരത്തിലുള്ള warehousing സൗകര്യങ്ങളും അന്താരാഷ്ട്ര വ്യാപാരത്തിനുള്ള warehousing സൗകര്യങ്ങളും കോ-ഡെവലപ്പർ ലഭ്യമാക്കേണ്ടതാണ്.

(സി) ബാധകമല്ല.

കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകൾ

128 (129) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ 2014-ൽ എത്ര തീരദേശ റോഡുകൾക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ ; ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചു ; തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിക്കാത്ത റോഡുകൾക്ക് എത്രയും പെട്ടെന്ന് അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 2013-14 ലിസ്റ്റ് നമ്പർ 3-ൽ ഉൾപ്പെട്ട പാവിൽ ചീർപ്പ് പറപ്പാറ ട്രാൻസ്ഫോർമർ റോഡ് - 21.50 ലക്ഷം രൂപ, പുറക്കാട്ടിരി മുക്കംകടവ് റോഡ് - 35 ലക്ഷം രൂപ എന്നിവയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ റോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ട്

129 (130) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2013-2014 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) തുക അനുവദിച്ച റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നും നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും നിർമ്മാണം ആരംഭിച്ചവയിൽ പൂർത്തിയായവ ഏതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 2013-14 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിവരവും പൂർത്തീകരണ വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

130 (131) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷം മണലൂർ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏതെല്ലാം റോഡുകൾ പുനർ നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് എത്ര രൂപ വീതം ചെലവഴിച്ചുവെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്നും വിശദമാക്കുമോ ;

(സി) ഫിഷറീസ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ മുഖേന കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ - സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

കഴിഞ്ഞ 3 വർഷമായി മണലൂർ നിയോജകമണ്ഡലത്തിലെ 10 തീരദേശ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇവയിൽ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന 7 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഫിഷറീസ് വകുപ്പ്

കഴിഞ്ഞ 3 വർഷങ്ങളിലായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly